# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3762 | 11.11.2019-ൽ മറുപടിക്ക്

**പ്രണയം നിരസിച്ചതുമായി ബന്ധപ്പെട്ട് യുവതികളെ പെട്രോളൊഴിച്ച് കൊലപ്പെടുത്തുന്ന സംഭവങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രണയം നിരസിച്ചതിന്റെ പേരിൽ യുവതികളെ പെട്രോളൊഴിച്ച് കൊലപ്പെടുത്തുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ജനങ്ങൾക്ക് കടുത്ത ആശങ്ക ഉളവാക്കിയിട്ടില്ലേ; വ്യക്തമാക്കാമോ; | (എ) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരമുള്ള എത്ര കേസുകൾ ഉണ്ടായെന്ന് അറിയിക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരമുള്ള 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) കൊല്ലപ്പെട്ട എത്ര യുവതികളുടെ ബന്ധുക്കൾക്ക് എന്തെങ്കിലും തരത്തിലുള്ള ആശ്വാസ നടപടികൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) കൊല്ലപ്പെട്ട യുവതികളുടെ ബന്ധുക്കൾക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) സ്ത്രീകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ ആഭ്യന്തര വകുപ്പിനുണ്ടായ പരാജയമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് കർശന ഇടപെടലുകളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) ക്രമസമാധാന പാലനത്തിൽ സർക്കാർ കാര്യമായ പ്രവർത്തനമാണ് നടത്തുന്നത്. ഈ സംഭവങ്ങളെ മുൻനിർത്തി ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം പരാജയമാണെന്ന് വിലയിരുത്താൻ കഴിയില്ല. കുറ്റവാളികളെ എത്രയും വേഗം നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനും മതിയായ ശിക്ഷ വാങ്ങി നൽകാനും സർക്കാർ കർശനമായ നടപടികളാണ് സ്വീകരിച്ച വരുന്നത്. |

സെക്ഷൻ ഓഫീസർ